# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ (പികെഡി)പി11-1416/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 26/10/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ (പികെഡി)പി11-1416/23 തീയ്യതി: 26/10/2023

## പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-03-2023 മുതൽ 04-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാം മനോഹർ വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2023 | 16-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-08-2023 | 16-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി -ഓഡിറ്റ് ഓഫീസർ
ഹരിഗോവിന്ദ്.കെ.സി -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രമാദേവി.കെ.ആർ -സീനിയർ ഗ്രേഡ് ഓഡിറ്റർ
ശമ്പദാസ്.എസ് -സീനിയർ ഗ്രേഡ് ഓഡിറ്റർ
ഗോകുൽ.സി.എം -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീഷ്.എം. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.രാധ.എൻ. | സെക്രട്ടറി | 01-04-2022 | 06-10-2022 |
| ശ്രീ.പ്രകാശ്.എം.ആർ. (അസിസ്റ്റന്റ് സെക്രട്ടറി-ഇൻ ചാർജ്) | സെക്രട്ടറി | 07-10-2022 | 09-10-2022 |
| ശ്രീമതി.ബീന.എം.എസ്. | സെക്രട്ടറി | 10-10-2022 | 25-10-2022 |
| ശ്രീ.ബാഹുലേയൻ.സി.വി. | സെക്രട്ടറി | 26-10-2022 | 10-11-2022 |
| ശ്രീമതി.ബീന.എം.എസ്. | സെക്രട്ടറി | 11-11-2022 | 18-11-2022 |
| ശ്രീമതി.രേണുകാദേവി.ആർ. (ഇൻ-ചാർജ്) | സെക്രട്ടറി | 19-11-2022 | 29-11-2022 |
| ശ്രീമതി.ബീന.എം.എസ്. | സെക്രട്ടറി | 30-11-2022 | 27-12-2022 |
| ശ്രീമതി.രേണുകാദേവി.ആർ. (ഇൻ-ചാർജ്) | സെക്രട്ടറി | 28-12-2022 | 16-01-2023 |
| ശ്രീ.ബാഹുലേയൻ.സി.വി. (അഡീഷണൽ ചാർജ്) | സെക്രട്ടറി | 17-01-2023 | 22-01-2023 |
| ശ്രീ.യശോധരൻ.കെ.പി. | സെക്രട്ടറി | 23-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഗുണലക്ഷ്മി.ആർ. | പ്രധാന അദ്ധ്യാപിക | 01-04-2022 | 31-03-2023 |
| ശ്രീമതി.ജെസ്സി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലിമിലാൽ.ടി.എം. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.പാർവതി.കെ. | വി.ഇ.ഒ.I | 01-04-2022 | 31-03-2023 |
| ശ്രീമതി.ലിൻഡ.എസ്. | വി.ഇ.ഒ.II | 01-04-2022 | 31-03-2023 |
| ഡോ.ആതിര | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്,സി. | 01-04-2022 | 31-03-2023 |
| ഡോ.എസ്.രാധാകൃഷ്ണൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.. | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ.ഇന്ദു സുന്ദർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.സന്ധ്യ.എസ്. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 15-06-2022 |
| ഡോ.ബിഷ്ണു.എസ്.പ്രസാദ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 16-06-2022 | 18-07-2022 |
| ഡോ.അരുണ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 19-07-2022 | 02-09-2022 |
| ഡോ.ഹരിപ്രിയ.എച്ച്. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 03-09-2022 | 31-03-2023 |
| ഡോ.എൻ.രാധാകൃഷ്ണൻ | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 01-01-2023 |
| ഡോ.നാസർ.എം. | സീനിയർ വെറ്ററിനറി സർജൻ | 02-01-2023 | 31-03-2023 |
| ശ്രീ.രവി.വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.പ്രകാശ്.എം.ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 21-10-2022 |
| ശ്രീ.ജയിസ് ജോസഫ് (ഇൻ-ചാർജ്) | അസിസ്റ്റന്റ് സെക്രട്ടറി | 22-10-2022 | 28-10-2022 |
| ശ്രീ.ഗിരീഷ്.ടി. | അസിസ്റ്റന്റ് സെക്രട്ടറി | 29-10-2022 | 11-11-2022 |
| ശ്രീമതി.രേണുകാദേവി.ആർ (ഇൻ-ചാർജ്) | അസിസ്റ്റന്റ് സെക്രട്ടറി | 12-11-2022 | 21-01-2023 |
| ശ്രീ.ദിപേഷ്.പി.റ്റി. | അസിസ്റ്റന്റ് സെക്രട്ടറി | 22-01-2023 | 31-03-2023 |
| ശ്രീമതി.സുജിത.എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | രജിസ്റ്ററുകൾ പൂർണമല്ല | 1-1-1 |
| 3 | മിസലേനിയസ് രജിസ്റ്ററിലെ വിവിധ ഇനങ്ങളുടെ ഡിമാന്റ്, കളക്ഷൻ തുക വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | നീക്കിയിരിപ്പ് കൃത്യമല്ല | 1-1-4 |
| 6 | ICDS സെൻട്രൽ ഷെയർ വരവ് തുക എല്ലാ ഗഡുക്കളും ഉൾപ്പെട്ടിട്ടില്ല. | 1-1-5 |
| 7 | TSC PBIG -വരവ് ചെലവ് ചേർത്തത് കൃത്യമല്ല | 1-1-6 |
| 8 | ലോൺ രജിസ്റ്റർ കൃത്യമല്ല | 1-1-7 |
| 9 | എൻ ആർ ഇ ജി എസ് വരവ്-ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ സമർപ്പിച്ചിട്ടില്ല | 1-1-9 |
| 11 | യഥാസമയം ഡിമാന്റ് എൻട്രി നടത്തുന്നില്ല | 1-1-10 |
| 12 | ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിൽ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 20 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | തൊഴിൽനികുതി പിരിവ് പരിശോധന | 1-11 |
| 23 | ലൈസൻസ് പരിശോധന | 1-12 |
| 24 | ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ ലഭ്യമായിട്ടില്ല. | 1-12-1 |
| 25 | അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം | 1-12-2 |
| 26 | വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷീനറികൾ സ്ഥാപിക്കുന്നതിനും | 1-12-3 |

| | | |
|---|---|---|
| | പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല | |
| 27 | വസ്തു നികുതി പരിശോധന | 1-13 |
| 28 | അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-13-1 |
| 29 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്. | 1-13-2 |
| 30 | നിർവൃതി ഹോംസ്റ്റേ - കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി നിശ്ചയിച്ച് നികുതി നിർണ്ണയിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു | 1-13-3 |
| 31 | തനതു വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി അവംലംബിക്കാവുന്ന മാർഗ്ഗങ്ങൾ | 1-14 |
| 32 | പഞ്ചായത്ത് സാംസ്കാരിക നിലയത്തിലേക്ക് ഫർണീച്ചർ- വാങ്ങൽ നടപടിക്രമങ്ങളിൽ അപാകം | 1-15 |
| 33 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്- സാമ്പത്തിക ബാധ്യത കുറയ്ക്കാൻ നടപടിയെടുക്കേണ്ടതാണ് | 1-16 |
| 34 | വിവിധ പ്രവൃത്തികൾക്കായി തുക നല്കിയത്- വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-17 |
| 35 | ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-18 |
| 36 | ഗ്രോ ബാഗ് വിതരണം ചെയ്തിട്ടില്ല. | 1-19 |
| 37 | ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പറിൽ വ്യത്യാസം | 1-20 |
| 38 | ഗുണനിലവാര സാക്ഷ്യപത്രം - ഹാജരാക്കേണ്ടതാണ്. | 1-21 |
| 39 | ലൈഫ് മിഷൻ - രണ്ടാം ഘട്ടം. | 1-22 |
| 40 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 1-22-1 |
| 41 | ലൈഫ് മിഷൻ. (SCP) | 1-22-2 |
| 42 | ലൈഫ് മിഷൻ. (TSP) | 1-22-3 |
| 43 | അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം | 1-23 |
| 44 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ മുഴുവനായി ലഭ്യമായിട്ടില്ല | 1-24 |
| 45 | പാലിയേറ്റീവ് കെയർ- മുൻകൂർ നൽകിയ തുകയ്ക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായില്ല | 1-25 |
| 46 | കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ - പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകങ്ങൾ | 1-26 |
| 47 | പട്ടികജാതി കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ് | 1-26-1 |
| 48 | എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് | 1-26-2 |
| 49 | എം.സി.എഫി ലെ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ- തുക | 1-27 |

| | | |
|---|---|---|
| | അനുവദിച്ചതിൽ അപാകം | |
| 50 | പഠനമുറി നിർമ്മാണം- പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് | 1-28 |
| 51 | സ്മാർട്ട് ഗാർബേജ് പദ്ധതി - പ്രവർത്തന പുരോഗതി അറിയിക്കേണ്ടതാണ് | 1-29 |
| 52 | ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-30 |
| 53 | വയോജന വിശ്രമകേന്ദ്രം -പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-31 |
| 54 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല | 1-32 |
| 55 | ടേക്ക് എ ബ്രേക്ക് കേന്ദ്രം -പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-33 |
| 56 | മെയിന്റനൻസ് പ്രവൃത്തികൾ -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-34 |
| 57 | വെറ്ററിനറി ഹോസ്പിറ്റൽ മെയിന്റനൻസ് -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-34-1 |
| 58 | കല്ലാണ്ടിചുള്ള ജി.എൽ.പി.എസ്. മെയിന്റനൻസ്-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-34-2 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി തുക നല്കിയത് | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | വാർഷിക ധനകാര്യ പത്രിക-സംക്ഷിപ്തം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11-7-2023ലെ കമ്മിറ്റി തീരുമാനം നമ്പർ 1 പ്രകാരം തയ്യാറാക്കി 11-7-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 31 മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2023തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2022-23വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പാലക്കാട്,

26-10-2023

## 1-1-1 രജിസ്റ്ററുകൾ പൂർണമല്ല

1. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

2.വെള്ളക്കരം ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

1-1-2 മിസലേനിയസ് രജിസ്റ്ററിലെ വിവിധ ഇനങ്ങളുടെ ഡിമാന്റ്, കളക്ഷൻ തുക വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

2.മിസലേനിയസ് രജിസ്റ്ററിലെ വിവിധ ഇനങ്ങളുടെ ഡിമാന്റ്, കളക്ഷൻ തുക വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| വരവിനം | വാർഷിക കണക്ക് പ്രകാരം (ഡിമാന്റ്) | ഡിമാന്റ് രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|---|
| കംഫർട്ട് സ്റ്റേഷൻ | 70500 | 60500 | 10000 |
| ബസ് സ്റ്റാന്റ് ഫീസ് ഡിമാന്റ് | 255000 | 305000 | 50000 |
| ടു വീലർ ഫോർ വീലർ പാർക്കിങ്ങ് | 45000 | 75000 | 30000 |

1-1-3 നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല

CFC Untied Fund B4 ലെ നീക്കിയിരിപ്പ് ACR ലെ നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-4 നീക്കിയിരിപ്പ് കൃത്യമല്ല

CFC Grantന്റെ നീക്കിയിരിപ്പ് തുക ബാങ്ക് ബുക്കിലെ 6329945 രൂപ നീക്കിയിരിപ്പിനു പകരം ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 6042838 RP 40(b)യിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1-1-5 ICDS സെൻട്രൽ ഷെയർ വരവ് തുക എല്ലാ ഗഡുക്കളും ഉൾപ്പെട്ടിട്ടില്ല.

ICDS സെൻട്രൽ ഷെയർ രണ്ടു ഗഡു വരവുള്ളതിൽ ഒരു ഗഡു മാത്രമാണ് RP യിൽ ചേർത്തിരിക്കുന്നത്, ഇക്കാരണത്താൽ ചെലവ് വരവിലും അധികമാണ്, B-4 ലെ നീക്കിയിരിപ്പ് തുക കൃത്യമല്ല.

1-1-6 TSC PBIG -വരവ് ചെലവ് ചേർത്തത് കൃത്യമല്ല

TSC PBIG Fund 58122/- രൂപ വരവുള്ളത് ACR ലെ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിൽ ഈയിനത്തിലെ വരവ് 58122/- രൂപ മാത്രം ചേർത്തുള്ള തുകയാണ് B-4 ഷെഡ്യൂളിലെ നീക്കിയിരിപ്പ്. ചെലവ് 1138500 കണക്കിലെടുത്തിട്ടില്ല. തെറ്റായ നീക്കിയിരിപ്പ് തുക ക്രമീകരിക്കേണ്ടതാണ്.

1-1-7 ലോൺ രജിസ്റ്റർ കൃത്യമല്ല

ലോൺ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമല്ല. 21-22 നീക്കിയിരിപ്പ് തുക കൃത്യമല്ല.രജിസ്റ്റർ പ്രകാരം 21-22 മുന്നിരിപ്പ് -54316000, വരവ്-Nil, തിരിച്ചടവ് -4517332, ബാലൻസ് -49798668/-എന്നിങ്ങനെയാണ്. 21-22 AFS ൽ 48318667രൂപയാണ് നീക്കിയിരിപ്പ്. 2021-22ലെ ടി വ്യത്യാസം ക്രമീകരിക്കാതെയാണ് 2022-23 ലും പഞ്ചായത്ത് ലോൺ രജിസ്റ്റർ സൂക്ഷിച്ചിരിക്കുന്നത്. തൻവർഷത്തിലും ടി തുക കൃത്യമാക്കുകയോ രജിസ്റ്റർ കാലികമാക്കുകയോ ചെയ്തിട്ടില്ല.

1-1-8 എൻ ആർ ഇ ജി എസ് വരവ്-ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കനുസരിച്ചുള്ള വരവ്, ചെലവ് NREGS ക്യാഷ്ബുക്കിലേതുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരം | NREGS ക്യാഷ് ബുക്ക് പ്രകാരം | വ്യത്യാസം |
|---|---|---|---|
| EFMS ചെലവ് | 42441589 | 48230773.38 | 5789184.38 |
| അഡ്മിനിസ്ട്രേറ്റിവ് ചെലവ് | 1895624 | 1840107 | 55517 |

1-1-9 അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം സമർപ്പിക്കേണ്ട അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ലഭ്യമായില്ല.

1-1-10 യഥാസമയം ഡിമാന്റ് എൻട്രി നടത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് അവയുടെ ഡിമാന്റ് ഉണ്ടാവുന്ന സമയത്ത് ചേർക്കുന്നതിനു പകരം വർഷാവസാനം മാത്രമാണ് ഡിമാൻ്റ് ഇട്ടിരിക്കുന്നത് . ഉദാ: വസ്തു നികുതിയുടെ ഡിമാന്റ് 31-3-23 നാണ് ചേർത്തിട്ടുള്ളത് .

1-1-11 ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിൽ തുകകൾ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2563408 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12876048 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

26-03-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1/1 പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

08-03-2023 ലെ തീരുമാനം നം.1/1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭബാക്കി | 61,38,885 |

| | |
|---|---|
| തൻവർഷം വരവ് | 26,01,61,000 |
| ആകെ വരവ് | 26,62,99,885 |
| ചെലവ് | 26,02,90,000 |
| നീക്കിയിരിപ്പ് | 60,09,885 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മ നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായി കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18636604 |
| വരവ് | 49165162 |
| ആകെ | 67801766 |
| ചെലവ് | 46601754 |
| നീക്കിയിരിപ്പ് | 21200012 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 23659800 | 23659800 | 22101435 | 1558365 |
| വികസനഫണ്ട് എസ്.സി.പി | 0 | 5727000 | 5727000 | 5053403 | 673597 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 2932070 | 2932070 | 2591477 | 340593 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 17708000 | 17708000 | 14794798 | 2913202 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 8140000 | 8140000 | 6416750 | 1723250 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)-ബാങ്ക്** | 1403900 | 4416356 | 5820256 | 4028561 | 1791695 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-ബാങ്ക് | 3658134 | 6264000 | 9922134 | 5859478 | 4062656 |
| സെൻട്രൽ | 3867004 | 0 | 3867004 | 2836434 | 1030570 |

| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺ ടൈഡ് ഗ്രാന്റ്- (സ്പിൽ ഓവർ)- ട്രഷറി | | | | | |
|---|---|---|---|---|---|

**സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്)- യഥാർത്ഥ ബാങ്ക് ബാലൻസ് ₹1791695 ആണ്. AFS B-4 പ്രകാരം ബാലൻസ് ₹1905695/- വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

<u>കേന്ദ്രാവിഷ്കൃതം</u>

(1)

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS* | 187162 | 1888652 | 2075814 | 850143 | 1225671 |
| TSC** | 1286648 | 58122 | 1344770 | 1138500 | 206270 |
| Health Grant -Grant For Specific Purposes | 0 | 121194 | 121194 | 0 | 121194 |
| Health Grant Towards Support For Diagnostic Infrastructure To The PHCs | 0 | 207501 | 207501 | 0 | 207501 |

*ICDS തൻവർഷ വരവ് AFS-RP 30 Schedule-ൽ 944326യാണ് വരവിലെടുത്തിട്ടുള്ളത്. യഥാർത്ഥ വരവ് -₹1888652/-

** TSC ACR പ്രകാരമുള്ള ബാലൻസ് ₹206270. AFS പ്രകാരം ബാലൻസ് ₹1344770/-
വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

<u>2. തൊഴിലുറപ്പ് പദ്ധതി</u>

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 103 | 1771404 | 1771507 | 1771090 | 417 |
| എം.എൻ.ആർ. ഇ.ജി. എസ്- തൊഴിലാളി കളുടെ വേതനം | 0 | 42441589 | 42441589 | 42441589** | 0 |
| ആകെ | 103 | 44212993 | 44213096 | 44212679 | 417 |

*AFS ഷെഡ്യൂൾ I-14(f) പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ചെലവ് 1895624 രൂപയും NREGS ക്യാഷ് ബുക്ക് പ്രകാരം ചെലവ് 1840107 രൂപയുമാണ്.

**NREGS ക്യാഷ് ബുക്ക് പ്രകാരം EFMS വരവ് 48230773.38 രൂപയാണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

<u>സംസ്ഥാനാവിഷ്കൃതം</u>

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 180000 | 0 | 180000 | 0 | 180000 |

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 950 | 0 | 950 | 0 | 950 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 257 | 133041261 | 201 | 72090089 | --- | 56 | 78.21 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 6110350 | 4722778 | 77.29 |
| വി.ഇ.ഒ.-I | 9 | 8 | 38934487 | 5252333 | 13.49 |
| വി.ഇ.ഒ.-II | 3 | 2 | 3672600 | 1958880 | 53.34 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 7 | 7712437 | 6929997 | 89.85 |
| സെക്രട്ടറി | 52 | 41 | 18512898 | 15101139 | 81.57 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 136 | 104 | 45237868 | 28045508 | 62 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 2 | 699550 | 22550 | 3.22 |
| മെഡിക്കൽ ഓഫീസർ-CHC | 3 | 2 | 943471 | 738120 | 78.23 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 549400 | 546543 | 99.48 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 330000 | 327288 | 99.18 |
| വെറ്ററിനറി സർജ്ജൻ | 4 | 3 | 2500000 | 2465358 | 98.61 |
| പ്രധാന അധ്യാപകൻ | 10 | 10 | 3241490 | 3129381 | 96.54 |
| ഡയറി ഫാം | 1 | 1 | 1100000 | 700000 | 63.64 |

| | | | | | |
|---|---|---|---|---|---|
| ഇൻസ്പെക്ടർ | | | | | |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 8 | 3496710 | 2150214 | 61.49 |
| ആകെ | 257 | 201 | 133041261 | 72090089 | 54.19 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 103 | 1771404 | 1771507 | 1771090 | 417 |
| എം.എൻ.ആർ.ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 42441589 | 42441589 | 42441589 | 0 |
| ആകെ | 103 | 44212993 | 44213096 | 44212679 | 417 |

*AFS ഷെഡ്യൂൾ I-14(f) പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ചെലവ് 1895624 രൂപയും NREGS ക്യാഷ് ബുക്ക് പ്രകാരം ചെലവ് 1840107 രൂപയുമാണ്.

**NREGS ക്യാഷ് ബുക്ക് പ്രകാരം EFMS വരവ് 48230773.38 രൂപയാണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 600 | 1 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 10387200 | 449 |
| 3 | വിധവാ പെൻഷൻ | 18073100 | 1764 |
| 4 | വാർദ്ധക്യകാല പെൻഷൻ | 26345100 | 2550 |
| 5 | വികലാംഗ പെൻഷൻ | 3191900 | 298 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ | 472500 | 46 |

| | | | |
|---|---|---|---|
| | വനിതകൾക്കുള്ള പെൻഷൻ | | |

I (14D) പ്രകാരം വിധവാ പെൻഷൻ ചെലവ് 18545600/- ആണ്. എന്നാൽ I(6) ൽ ആയത് പ്രകാരം വരവ് 18073100/- ആണ്. വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. അതുപോലെ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ I(6) ൽ വന്നത് I (14D) ൽ ഇല്ല. കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.08.2023 തീയ്യതിയിൽ 3pm സമയത്ത് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 57,325/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

കണക്കുകൾ ശരിയായി അക്കൗണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകതകൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥൻമാർ ശരിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

വരവിനം-വെള്ളക്കരം ഡിമാന്റ് രജിസ്റ്ററുകൾ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൌണ്ടന്റ് ജനറലിന്റെ 1997-98 മുതൽ 2005-06 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിലെ എല്ലാ പരാമർശങ്ങളും തീർപ്പാക്കിയിട്ടുള്ളതാണ്.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ഓഡിറ്റ് ഏപ്രിൽ 2022 മുതൽ ഡിസംബർ 2022 വരെ 21.1.2023 തിയതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. അതിൻപ്രകാരം 2021-22 വർഷം 59 പരാമർശങ്ങളും 2022-23 വർഷം 32 ഖണ്ഡികകളും തീർപ്പാക്കാൻ അവശേഷിക്കുന്നു.

## 1-11 തൊഴിൽനികുതി പിരിവ് പരിശോധന

ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ലാത്ത ഏതാനും സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം | തൊഴിൽ നികുതി അടവാക്കിയ ജീവനക്കാരുടെ എണ്ണം | |
|---|---|---|---|---|
| | | | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
| 1 | ജിനു ഹാർഡ് വെയേഴ്സ് | 5 | - | - |

| | | | | |
|---|---|---|---|---|
| 2 | ഹോട്ടൽ അന്നപൂർണ്ണ | 7 | - | - |
| 3 | ഹാർഡ്‌വെയർ ഷോപ്പ് | 19 | - | - |
| 4 | ഹോട്ടൽ മലബാർ ഗ്രീൻ സൂര്യ പാറ | 4 | - | - |
| 5 | ഫോർ സ്ക്വയർ വയസ് & നെറ്റ് പാറു അമ്മൻ ചള്ള | 5 | - | - |
| 6 | കൃഷ്ണപ്രിയ എന്റർപ്രൈസസ് പഴണിയാർ പാളയം | 6 | - | - |
| 7 | കെ എം എൻ ടൈൽസ് ആൻഡ് ഗ്രാനൈറ്റ്സ് കരുവപ്പാറ | 4 | - | - |
| 8 | കുടുംബശ്രീ ജനകീയ ഹോട്ടൽ | 5 | - | - |
| 9 | അൽ അഹദ് മോഡേൺ റൈസ് മിൽ | 5 | - | - |

മേൽ സൂചിപ്പിച്ചവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്താതെ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/16.08.2023 നുള്ള മറുപടിയിൽ അപാകതകൾ വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നും ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്.

## 1-12 ലൈസൻസ് പരിശോധന

ലൈസൻസ് പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു. ഓഡിറ്റ് അന്വേഷണം നം. 16/16.08.2023 നുള്ള മറുപടിയിൽ അപാകതകൾ വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നും ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്.

### 1-12-1 ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ

ലഭ്യമായിട്ടില്ല.

2022-23 വർഷത്തിൽ 529 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി 18 വാർഡുകളിലായി 1810 കെട്ടിടങ്ങളാണ് നിലവിലുള്ളത്. വസ്തു നികുതി അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടുണ്ടെങ്കിലും കാലികമാക്കാത്തതിനാൽ ഡിമാന്റ് പൂർണ്ണമാണോ എന്നതിന്റെയും ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതിന്റെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കേണ്ടതും ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-12-2 അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം

2022-23 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചു. ILGMS വഴി സ്വീകരിക്കുന്ന അപേക്ഷകൾ പരിശോധിക്കാൻ ഓഡിറ്റിന് സംവിധാനമില്ലാത്തതിനാൽ ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ താഴെ വ്യക്തമാക്കിയ പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അപേക്ഷകൾ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ, മോട്ടോറുകളുടെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് ക്രമപ്രകാരമല്ല. അപേക്ഷകളിൽ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപത്തിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല . ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് ലഭിക്കുന്നതിനായുള്ള പല അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശിപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12-3 വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷീനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയതായി കാണുന്നില്ല

1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, (ചട്ടം 18) വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ ഉപയോഗിക്കുന്നതിനോ യഥാക്രമം പട്ടികiii പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പട്ടിക പ്രകാരമുള്ള ഫീസ് പ്രത്യേകമായി ഈടാക്കിയിട്ടില്ലെന്ന് അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന കുതിരശക്തി |
|---|---|---|
| 1 | കൗമ മിൽക് പ്രോഡക്ടസ് കൊഴിഞ്ഞാമ്പാറ | 436 |

| | | |
|---|---|---|
| 2 | നെയിൽടെക് പ്രൈവറ്റ് ലിമിറ്റഡ് നാട്ടുകൽ | 322 |
| 3 | അൽ അഹദ് മോഡേൺ റൈസ് മിൽ | 100 |
| 4 | ക്ലാരിറ്റി പ്ലാസ്റ്റിക്സ് കല്ലാണ്ടിച്ചള്ള റോഡ് | 60 |
| 5 | സപ്തഗിരി ഏജൻസിസ് കൊഴിഞ്ഞാമ്പാറ | 50 |
| 6 | കൃഷ്ണപ്രിയ എന്റർപ്രൈസസ് പഴണിയാർ പാളയം | 46 |
| 7 | ബിജി സോമിൽ ആൻഡ് ഉഡ് വർക്ക്സ് കൊഴിഞ്ഞാമ്പാറ | 41 |
| 8 | കനിയത്ത് റൈസ് ആൻഡ് ഫ്ലവർ ഓയിൽ മിൽ കൊഴിഞ്ഞാമ്പാറ | 38 |
| 9 | എം എം ഓയിൽ മിൽ മോടമ്പാടി | 35 |
| 10 | ഹൈ പവർ ബ്രിക്സ് കൊഴിഞ്ഞാമ്പാറ | 30 |
| 11 | സുരേഷ് ഏജൻസി കൊഴിഞ്ഞാമ്പാറ | 25 |
| 12 | ആർഎസ്ആർ മിൽസ് കൊഴിഞ്ഞാമ്പാറ | 25 |
| 13 | ശ്രീ മുരുകൻ റൈസ് മിൽ കണ്ണൻ മേട് | 20 |
| 14 | ഗഫൂർ റൈസ് ആൻഡ് ഫ്ലവർ ഓയിൽ മിൽ ചള്ളപ്പാത | 20 |
| 15 | ശ്രീ വിനായക സ്വാ മിൽ പഴനിയാർ പാളയം | രേഖപ്പെടുത്തിയിട്ടില്ല |
| 16 | ബിഎസ്എഫ് സിമന്റ് ബ്രിക്സ് പുത്തൂർ റോഡ് | ” |
| 17 | ഫ്ലോർമിൽ കൊഴിഞ്ഞാമ്പാറ | ” |
| 18 | ഹോളോബ്രിക്സ് നിർമ്മാണം കൊഴിഞ്ഞാമ്പാറ | ” |

മോട്ടോറുകൾ പ്രവർത്തിക്കുന്നതിന് ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി പരിശോധന

വസ്തു നികുതി പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു. ഓഡിറ്റ്

അന്വേഷണം നം. 24/16.08.2023 നള്ള മറുപടിയിൽ അപാകതകൾ വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്നും ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്.

### 1-13-1 അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അനധികൃത കെട്ടിട നിർമ്മാണരജിസ്റ്റർ പ്രകാരം 2022-23 വർഷം വരെ '48' കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 ഡബ്ലിയു പ്രകാരം നിയമവിരുദ്ധമായി ആരംഭിച്ചതോ നടത്തിക്കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ കെട്ടിടം പൊളിച്ചു കളയുന്നതിനോ മാറ്റം വരുത്തുന്നതിനോ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 235എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു.എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്നത് വരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ കെട്ടിടങ്ങൾക്ക് ഇപ്രകാരം വസ്തുനികുതി ഈടാക്കി വരുന്നുണ്ട്.

07.09.2016 തീയതിയിലെ സ.ഉ(സാധാ)നം.2627/2016/തസ്വഭവ നമ്പർ ഉത്തരവ്, 31.08.2017-ലെ 1725325/ആർ.എ.2/2017/തസ്വഭവ നമ്പർ സർക്കുലർ എന്നിവ പ്രകാരം അനധികൃത നിർമ്മാണം തടയുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അനധികൃത നിർമ്മാണങ്ങൾക്കെതിരെ നോട്ടീസ് നൽകുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ 24.07.2010 ലെ 22044/ആർ.എ.1/14/തസ്വഭവ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

അനധികൃത നിർമ്മാണങ്ങൾക്കെതിരെ പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-13-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ 9 മൊബൈൽ ടെലഫോൺ ടവറുകളാണുള്ളത്. സഞ്ചയ ഡിമാന്റ് രജിസ്റ്ററിന്റെ പരിശോധനയിൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ കുടിശ്ശികയുള്ളതായി കാണുന്നു. 2022-23 കാലയളവ് വരെ ആകെ വസ്തു നികുതി കുടിശ്ശിക 2,16,190/- രൂപ ആണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | മൊബൈൽ ടവർ (സഞ്ചയയിൽ ലഭ്യമായ വിവരം ) | കെട്ടിടത്തിന്റെ തറവി സ്തീർണ്ണം (ച.മീ) | സഞ്ചയയിൽ നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത നികുതി (ച.മീറ്ററിന് 500രൂപ നിരക്കിൽ - | കുടിശ്ശിക | നിലവിലുള്ള നികുതി കുടിശ്ശിക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | ബാധകമായ ഇളവുകൾക്കും വർധനവുകൾക്കും ശേഷം) രൂപയിൽ | | |
| 1 | 5/550 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 8 | 5796 | 2013-2014 മുതൽ 2021-2022 വരെ | 57,960 |
| 2 | 13/696 | ബി എസ് എൻ എൽ | 10.8 | 7173 | 2013-2014 മുതൽ 2022-2023 വരെ | 71,730 |
| 3 | 17/895 | ബി എസ് എൻ എൽ | 10.8 | 7826 | 2013-2014 മുതൽ 2022-2023 വരെ | 78,260 |
| 4 | 18/596 | ഇൻഡസ് ടവേഴ്സ് | 6.2 | 4120 | 2021-2022 മുതൽ 2022-2023 വരെ | 8240 |
| | | | ആകെ | | | 2,16,190 |

മേൽ കുടിശ്ശിക കാലഹരണപ്പെടാതെ ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

1-13-3 നിർവൃതി ഹോംസ്റ്റേ - കെട്ടിടത്തിന്റെ ഉപയോഗക്രമം തെറ്റായി നിശ്ചയിച്ച് നികുതി നിർണ്ണയിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പിരിവിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി നികുതി നിർണ്ണയ വിവരങ്ങളും സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡിമാന്റ് വിവരങ്ങളും പരിശോധിച്ചതിൽ ശ്രീമതി.റിയ ജോസഫിന്റെ ഉടമസ്ഥതയിലുള്ള 4/354 നമ്പറിലുള്ള നിർവൃതി ഹോംസ്റ്റേ, കുലുക്കപ്പാറ,കൊഴിഞ്ഞാമ്പാറ എന്ന കെട്ടിടത്തെ പാർപ്പിടം എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി നികുതി നിർണ്ണയം നടത്തിയാണ് ഈടാക്കിവരുന്നതെന്ന് കാണുന്നു.

14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011

വിജ്ഞാപനത്തിന് അനുസൃതമായി പാർപ്പിട ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിർണ്ണയിക്കപ്പെട്ട അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 5 രൂപയും 24.02.2015 ലെ സ.ഉ(അ) നം. 36/2015/ തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 100/2015 വിജ്ഞാപനത്തിന് അനുസൃതമായി ഹോംസ്റ്റേകൾക്ക് നിർണ്ണയിക്കപ്പെട്ട അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 30 - 60 രൂപയാണ് ( കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിൽ സ.ഉ(അ)നം.36/2015/തസ്വഭവ തീയതി 24.02.2015 വിജ്ഞാപനം പ്രകാരം ഹോംസ്റ്റേകൾക്ക് നിർണ്ണയിക്കപ്പെട്ട നികുതി നിരക്ക് 30 രൂപയാണ് ).

ഹോംസ്റ്റേയ്ക്ക് പാർപ്പിടം എന്ന ഉപയോഗക്രമം നിശ്ചയിച്ചിരിക്കുന്നത് തെറ്റായിട്ടാണോയെന്ന് പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 തനതു വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി അവലംബിക്കാവുന്ന മാർഗ്ഗങ്ങൾ

തനതു വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് സർക്കാർ ഗ്രാന്റിനു പുറമെ ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി തനത് വരുമാനസ്രോതസ്സുകൾ പൂർണ്ണമായി കണ്ടെത്തുകയും പുതിയവ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ തനത് വരുമാനഫണ്ട് വിപുലീകരിക്കാവുന്നതാണ്. ഇതിന് അവലംബിക്കാവുന്ന മാർഗ്ഗങ്ങളാണ് തുടർഖണ്ഡികകളായി ചുവടെ ചേർക്കുന്നത്.

*പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതിലും നിശ്ചിത സമയപരിധിക്കുള്ളിൽ ആയത് സമാഹരിക്കുന്നതിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തി ഭരണസമിതിയുടെ അംഗീകാരത്തോടെ നടപ്പിലാക്കേണ്ടതാണ്.

*കുടിശ്ശിക നിവാരണത്തിനായി ക്യാമ്പ് സംഘടിപ്പിക്കൽ, നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ മാർഗ്ഗങ്ങൾ അവലംബിക്കൽ തുടങ്ങിയവ നടപ്പിലാക്കാവുന്നതാണ്

*ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനതു വരുമാനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തന്നാണ്ടിലെയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്നില്ലെന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്

*നിശ്ചിത ഇടവേളകളിൽ വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്- പിരിവ് പുരോഗതി അവലോകന യോഗങ്ങൾ ചേരേണ്ടതാണ്

*അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/ സ്റ്റേഡിയം, നീന്തൽക്കുളങ്ങൾ, കേബിൾ ടി. വി നെറ്റ്‌വർക്ക്, പ്രദർശന വിപണന മേളകൾ, വിനോദ സഞ്ചാര സാധ്യതകളായ സിപ്പ് ലൈൻ (റോപ്പ് വേ), ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയുടെ സാധ്യതകൾ ഉണ്ടെങ്കിൽ ആയവ പരിശോധിച്ച് വിനോദ നികുതി ഈടാക്കുന്നതിനുള്ള നടപടികൾക്കായി സർക്കാരിലേക്ക് ശിപാർശ ചെയ്യാവുന്നതാണ്.

*ആസ്തി രജിസ്റ്ററും ലേലരജിസ്റ്ററും പൊരുത്തപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ തുടങ്ങിയവ, കാലഹരണപ്പെട്ട ആസ്തികളായി നിലനിൽക്കുന്ന ഇ-വേയ്സ്റ്റുകൾ, വാഹനങ്ങൾ, യന്ത്രസാമഗ്രികൾ തുടങ്ങിയവ പൂർണ്ണമായും യഥാസമയം ലേലം ചെയ്യേണ്ടതാണ്.

*നിഷ്ക്രിയ ആസ്തികളിൽ നിന്നും വാടക പോലുള്ള വരുമാനങ്ങൾ നേടിയെടുക്കാനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

*2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുവാനുള്ള സാധ്യത പഞ്ചായത്ത് പരിശോധിച്ച് ഈ ഇനത്തിലുള്ള വരുമാനം ഉറപ്പ് വരുത്താവുന്നതാണ്.

*2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 29 പ്രകാരം 26(1)ൽ പരാമർശിച്ച ഗ്രാമപഞ്ചായത്ത് പൊതുവായി ഏർപ്പെടുത്തിയിട്ടുള്ള സേവനങ്ങൾക്ക് ഉപരിയായി ഏതെങ്കിലും കെട്ടിടത്തിനുവേണ്ടി അപ്രകാരമുള്ള ഒരു സേവനം പ്രത്യേകമായും വിപുലമായും ഏർപ്പെടുത്തിയിട്ടുള്ള പക്ഷം അതിന്റെ ചെലവിന് ആനുപാതികമായി ഗ്രാമപഞ്ചായത്തിന് അത് നിശ്ചയിക്കുന്ന നിരക്കിൽ ഫീസ് ഈടാക്കാൻ അനുമതിയുണ്ട്. അപ്രകാരമുള്ള സംഗതിയിൽ ചട്ടം 30 പ്രകാരം പഞ്ചായത്തിന് നടപടി സ്വീകരിക്കാവുന്നതാണ്.

## 1-15 പഞ്ചായത്ത് സാംസ്കാരിക നിലയത്തിലേക്ക് ഫർണീച്ചർ- വാങ്ങൽ നടപടിക്രമങ്ങളിൽ അപാകം

പ്രൊ.നം. 284/23-പഞ്ചായത്ത് സാംസ്കാരിക നിലയത്തിലേക്ക് റാക്ക്, ടേബിൾ സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

അടങ്കൽ - 240000രൂപ(ജനറൽ)

ചെലവ് - 129203 രൂപ (1.ബിൽ നം. 41/27-2-23- 92424 രൂപ

2.ബിൽ നം. 44/29-3-23- 36779 രൂപ)

പഞ്ചായത്ത് സാംസ്കാരിക നിലയത്തിലേക്ക് റാക്ക്, ടേബിൾ വാങ്ങി നൽകുന്നതിനായി പരസ്യം നം. എ7 Tender/5/2022-23 തിയതി 16-12-2022 പ്രകാരം അക്രഡിറ്റഡ് ഏജൻസികളിൽ നിന്നുമാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. ആയതനുസരിച്ച് ആർട്ട്ക്കോ, സിഡ്കോ,കാഡ്കോ എന്നീ ഏജൻസികൾ ടെണ്ടറുകൾ സമർപ്പിച്ചിട്ടുണ്ട്. Steel Plain Table-2nos,Magazine Rack -2 Nos എന്നിവയ്ക്ക് കുറഞ്ഞ തുക ക്വോട്ട് ചെയ്ത സിഡ്കോയുടെ ടെണ്ടർ (SIDCO, Market Road, Kadavantra, Kochi) പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. 2(2) , 21-1-23 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി 36779 രൂപ ചെലവഴിച്ചിട്ടുണ്ട്. KADCO, Cherooty Road, Kozhikode എന്ന സ്ഥാപനം അലമാര,ചെയർ എന്നിവയ്ക്ക് കുറഞ്ഞ തുക ക്വോട്ട് ചെയ്ത ടെണ്ടർ തീരുമാനം നം. 2(2) , 21-1-23 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 8 അലമാര, 30 ചെയർ എന്നിവ വാങ്ങിയ വകയിൽ 92424രൂപ ചെലവഴിച്ചിട്ടുണ്ട്.

രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(പി)നം.104/2022/ഫിൻ തിയതി 2-9-2022 പ്രകാരം ആർട്ട്കോ , KADCO എന്നിവ നോൺ പി.എം.സി ആയി ഇന്റീരിയർ ഫർണീഷിങ്ങ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും, SIDCO പൊതുവായ സിവിൽ പ്രവൃത്തികൾ എന്നിവയ്ക്കുള്ള PMC ആയുമാണ്, അക്രഡിറ്റേഷൻ എടുത്തിട്ടുള്ളത്. അത്തരത്തിൽ അക്രഡിറ്റേഷൻ എടുത്തിട്ടുള്ള ഏജൻസികൾക്ക് അക്രഡിറ്റേഷൻ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാണ് അർഹതയുള്ളത്. സാധനങ്ങൾ വിതരണം ചെയ്യുന്നതിന് അവരിൽ നിന്നുമാത്രം ടെണ്ടർ ക്ഷണിക്കുവാൻ വ്യവസ്ഥയില്ല.

2. സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ അടങ്കലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതാണ്. ഓപ്പൺ ടെണ്ടറിൽ ടെണ്ടറുകളുടെ എണ്ണം പരിമിതപ്പെടുത്തുവാൻ നിഷ്കർഷിച്ചിട്ടില്ല. 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയുള്ള വാങ്ങലുകൾക്ക് ബാധകമായ ലിമിറ്റഡ് ടെണ്ടറുകളിൽ ടെണ്ടറുകളുടെ എണ്ണം കുറഞ്ഞത് നാല് എണ്ണം ആയി പരിമിതപ്പെടുത്താവുന്നതാണ്.

അക്രഡിറ്റഡ് ഏജൻസികളിൽ നിന്നുമാത്രം ടെണ്ടറുകൾ ക്ഷണിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് എൻക്വയറി (9/14-8-23) നല്കിയതിന് മറുപടി ലഭ്യമായില്ല.

വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ, സ്റ്റോർസ് പർച്ചേസ് മാന്വൽ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്- സാമ്പത്തിക ബാധ്യത കുറയ്ക്കാൻ നടപടിയെടുക്കേണ്ടതാണ്

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിനു കീഴിൽ 28 കുടിവെള്ള പദ്ധതികൾ ഉണ്ടെങ്കിലും പ്രവർത്തനക്ഷമമായത് 13 എണ്ണമാണ്. പേര് വിവരം താഴെ ചേർക്കുന്നു

| ക്രമ നം. | പേര് |
|---|---|
| 1 | മുട്ടിമാമ്പള്ളം |
| 2 | നെല്ലിപ്പള്ളം |
| 3 | നെഹ്റുനഗർ |
| 4 | നടുക്കളം |
| 5 | കുപ്പുമുത്തുചള്ള |
| 6 | വെന്തപാളയം |
| 7 | കുലുക്കപ്പാറ |
| 8 | പള്ളിക്കൂടത്താനൂർ |
| 9 | പഴനിയാർപാളയം |
| 10 | പാറക്കളം |
| 11 | കരടിപ്പാറ |
| 12 | കല്ലാണ്ടിചള്ള |
| 13 | മലക്കാട് |

ഓരോ കുടിവെള്ള പദ്ധതിക്കു കീഴിലും ഉള്ള ഗുണഭോക്താക്കളുടെ വിവരം, എത്ര ഗാർഹിക ഗാർഹികേതര കണക്ഷനുകൾ ഉണ്ട് എന്നതിനെക്കുറിച്ച് കൃത്യമായ കണക്കുകൾ ലഭ്യമായില്ല. ഗുണഭോക്താക്കളുടെ വിവരം രേഖപ്പെടുത്തുന്ന ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക വരുത്തിയ ഓരോ ഗുണഭോക്താവിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുന്ന അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.
കുടിവെള്ളപദ്ധതികളുടെ കറണ്ട് ചാർജ്, പമ്പ് ഓപ്പറേറ്റർ വേതനം, മെയിന്റനൻസ് ചെലവ് എന്നീയിനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും, ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. 9 പമ്പ് ഓപ്പറേറ്റർമാർക്ക് വേതനം നൽകി വരുന്നുണ്ട്.
ഓഡിറ്റ് വർഷത്തിൽ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | 2022-23 വർഷത്തിൽ ചെലവഴിച്ച തുക |
|---|---|
| വൈദ്യുതി ചാർജ്ജ് | 1906714 |
| പമ്പ് | 508210 |

| | |
|---|---|
| ഓപ്പറേറ്റർമാരുടെ വേതനം | |
| ആകെ | 2414924 |

ഈ പദ്ധതിയിൽ നിന്നും ഓഡിറ്റ് വർഷങ്ങളിൽ പിരിച്ചെടുത്ത കുടിവെള്ളചാർജ്ജിന്റെ വിവരം

| ഇനം | തുക |
|---|---|
| തൻവർഷവരവ് | 195030 |
| കുടിശ്ശിക | 113310 |
| ആകെ | 308340 |

വാർഷികകണക്കിലെ ബാലൻസ് ഷീറ്റിൽ 31.03.2023 വരെ 3832923 രൂപ ഗുണഭോക്താക്കളിൽ നിന്നും കുടിശ്ശികയായി പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

2022-23 ൽ കുടിവെള്ള പദ്ധതികളുടെ മോട്ടോർ, പൈപ്പുകൾ തുടങ്ങിയവ റിപ്പയർ ചെയ്യുന്നതിനായി തനത് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും തുക വകയിരുത്തി പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 36/23-കുടിവെള്ള പദ്ധതികളുടെ പൈപ്പ് മെയിന്റൻസ്(തനത് ഫണ്ട്) | 200000 | 187906 |
| 2 | 9/23-കുടിവെള്ള പദ്ധതികളുടെ പൈപ്പ് മെയിന്റനൻസ് | 490000 | 394631 |
| 3 | 8/23-ബോർവെൽ മോട്ടോർ റിപ്പയർ | 490000 | 422497 |
| | ആകെ | 1180000 | 1005034 |

സർക്കാർ ഉത്തരവ് (സാധാ) 1275/2009 / ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല.

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കുവാനായി എൻക്വയറി(21/16-8-23) നല്കിയതിന് മറുപടി ലഭിച്ചില്ല.

1) വ്യക്തിഗത ഗാർഹിക കണക്ഷനുകൾ വ്യാപകമായതിനാലും നിലവിൽ ജലനിധി കണക്ഷൻ നല്കി വരുന്നതിനാലും കുടിവെള്ള പദ്ധതിയുടെ നടത്തിപ്പിൽ വരവും ചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിനാൽ ഇതിന്റെ നടത്തിപ്പ് ചുമതല ഭാവിയിൽ ബാധ്യതയായി മാറുന്നതാണ്.

കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

2) കുടിവെള്ള പദ്ധതിക്കുകീഴിലുള്ള ഗുണഭോക്താക്കളുടെ വിവരം സംബന്ധിച്ച രജിസ്റ്റർ എഴുതി

സൂക്ഷിക്കേണ്ടതും ശരിയായ ഡിമാന്റ് കണ്ടെത്തേണ്ടതുമാണ്.

3)വെള്ളക്കരം കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കുവാനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്.

4)വെള്ളക്കരത്തിലൂടെ ഈടാക്കുന്ന തുകകളേക്കാൾ ചെലവ് വളരെ ഉയർന്ന് നിൽക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ചെലവ് കുറയ്ക്കുന്നതിനുള്ള ഊർജ്ജിത ശ്രമം ഉണ്ടാവേണ്ടതാണ്.

## 1-17 വിവിധ പ്രവൃത്തികൾക്കായി തുക നല്കിയത്- വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

2022-23 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യാഗസ്ഥനായി താഴെ കൊടുത്തിരിക്കുന്ന പ്രോജക്റ്റുകളിൽ വികസന ഫണ്ട് ജനറലിൽ നിന്നും തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. പ്രോജക്റ്റുകൾ നടപ്പാക്കുന്നതിനായി വിവിധ സ്ഥാപനങ്ങളിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടി പ്രോജക്ടുകളുടെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്. ഇവയുടെ പൂർത്തീകരണ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

പ്രോജക്ടുകളുടെ വിശദവിവരം :

1.വിവിധ ഏജൻസികളിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തത്

| ക്രമ നം | പ്രോജക്ട് | അടങ്കൽ (രൂപ) | ചെലവ് (രൂപ) | പ്രോജക്ട് നടപ്പാക്കുന്ന ഏജൻസി/സ്ഥാപനം |
|---|---|---|---|---|
| 1 | 148/23-പുഴയിലെ ചെക്ക് ഡാമിലെ ചെളി നീക്കം ചെയ്യൽ | 500000 | 500000 ബിൽ നം 18/5-9-22 | Kerala State Irrigation Department |
| 2 | 304/23-ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിങ്ങ് | 65089 | 64223<br>1.ബിൽ നം 38/16-2-23-33089 രൂപ<br>2.ബിൽ നം 43/23-3-23-31134 രൂപ | KSEB |
| 4 | 277/23-അത്തിക്കോട് അങ്കണവാടി നിർമാണത്തിന് ഗ്രാമപഞ്ചായത്ത് വിഹിതം | 1200000<br>(NREGS വിഹിതം-500000+വനിതാ ശിശു വികസന വകുപ്പ്-200000+ഗ്രാമപഞ്ചായത്ത്-500000) | 500000രൂപ ബിൽ നം 18/5-9-22 (ഗ്രാമപഞ്ചായത്ത് വിഹിതം) | MGNREGS സ്റ്റേറ്റ് മിഷൻ |

2. സംയുക്ത പ്രോജക്ടുകൾക്കായി തുക നല്കിയത്

| ക്രമ നം | പ്രോജക്ട് | അടങ്കൽ (രൂപ) | ചെലവ് (രൂപ) | പ്രോജക്ട് നടപ്പാക്കുന്ന ഏജൻസി/സ്ഥാപനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 281/23-എ.ബി.സി പ്രോഗ്രാം | 350000 | 350000- ബിൽ നം 30/9-12-22 | പാലക്കാട് ജില്ലാ പഞ്ചായത്ത് |
| 2 | 309/23- വനിതാ ജിംനേഷ്യത്തിന് ജില്ലാ പഞ്ചായത്തിലേക്ക് വിഹിതം നല്കൽ | 500000 | 500000 ബിൽ നം 46/29-3-23 | പാലക്കാട് ജില്ലാ പഞ്ചായത്ത് |

ടി പ്രോജക്ടുകളെക്കുറിച്ച് എൻക്വയറി നം 7/14-8-2023 നല്കിയതിന് മറുപടി ലഭ്യമായില്ല.

1-18 ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ. സർക്കിൾ I അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റിന്റെ വിശദവിവരങ്ങൾ :

| | |
|---|---|
| പ്രോജക്റ്റ് നം. | S0174/23 |
| പേര് | ആവാസ് പ്ലസ് ഗ്രാമ പഞ്ചായത്ത് വിഹിതം |
| വിസന ഫണ്ട് (SCP) | 97,333/- (അടങ്കൽ) |
| ബിൽ നം./തീയതി | 09/22-23/15/09/22 |
| ചെലവ് | 97,333/- |

PMAYപ്രകാരം ആവാസ് പ്ലസ് ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിച്ച് കേന്ദ്ര – സംസ്ഥാന വിഹിതത്തിന് ഉപരിയായി ഗ്രാമ പഞ്ചായത്ത് നൽകിയ അധിക വിഹിതത്തിന്റെ വിശദാംശങ്ങൾ :

ചിറ്റൂരിലെ LGSTB യിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ട് നം. 799011400002508 ലേക്ക് 97,333/- രൂപ കൈമാറിയിട്ടുണ്ട്.

പ്രസ്തുത തുകയുടെ ധന വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടിരുന്നു.
(11.08.2023 ലെ അന്വേഷണ നം.2)

ആയത് ഹാജരാക്കുകയുണ്ടായില്ല.

ധന വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-19 ഗ്രോ ബാഗ് വിതരണം ചെയ്തിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റിന്റെ വിശദവിവരങ്ങൾ :

| | |
|---|---|
| പ്രോജക്റ്റ് നം. | S0209/23 |
| പേര് | വനിതകൾക്ക് ഗ്രോ ബാഗ് വിതരണം |

| | |
|---|---|
| വികസന ഫണ്ട് (G) | 2,03,695/- |
| തനത് ഫണ്ട് | 305/- |
| മറ്റുള്ളവ | 68,000/- |
| ആകെ അടങ്കൽ | 2,72,000/- |
| ബിൽ നം./തീയതി | ചെലവ് |
| 22/22-23 /28/02/23 | 1,66,500/- |
| 27/22-23/3/3/23 | 36,000/- |
| ആകെ | 2,02,500/- |

പ്രോജക്റ്റ് പ്രകാരം തെരഞ്ഞെടുത്ത 136 ഗുണഭോക്താക്കളിൽ 135 പേർക്ക് ഗ്രോ ബാഗുകൾ ലഭ്യമാക്കുവാനായി നൽകിയ തുകകളുടെ വിശദവിവരങ്ങൾ :

| കാർഷിക കർമ്മസേന | അക്കൗണ്ട് നം. | തുക |
|---|---|---|
| സെക്രട്ടറി അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 155712801002703 | 2,02,500/-(1,66,500+36,000) |

തത്തമംഗലത്തെ കാർഷിക കർമ്മസേനയിലേക്ക് നൽകിയ ആകെ തുകയിൽ 75% സബ്സിഡിയും, 25% ഗുണഭോക്തൃ വിഹിതവുമാണ്.വിശദവിവരങ്ങൾ :

| ഗ്രോ ബാഗ് (യൂണിറ്റ്സ്) | സബ്സിഡി | തുക |
|---|---|---|
| 111 | 1,500/- | 1,66,500/- |
| 24 | 1500/- | 36,000/- |
| ആകെ (135) | | 2,02,500 |

135 ഗുണഭോക്താക്കൾക്ക് ഗ്രോ ബാഗ് വിതരണം ചെയ്യുവാനായി 500/- രൂപ വീതം ഗുണഭോക്തൃ വിഹിതം ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ :

| ഗുണഭോക്താക്കളുടെ ആകെ എണ്ണം | ഗുണഭോക്തൃ വിഹിതം | തുക |
|---|---|---|
| 135 | 500/- | 67,500/- |

വിതരണ സംബന്ധമായ വിവരങ്ങൾ സ്റ്റേറ്റ്മെന്റിലാണ് രേഖപ്പെടുത്തി ഗുണഭോക്താക്കളിൽ നിന്നും സാക്ഷ്യപ്പെടുത്തലുകൾ വാങ്ങി സൂക്ഷിച്ചിട്ടുള്ളത്.ആകെയുള്ള 135 ഗുണഭോക്താക്കളിൽ ഒരു ഗുണഭോക്താവിന് ഗ്രോ ബാഗ് വിതരണം ചെയ്തിട്ടില്ല.ഗുണഭോക്താവിന്റെ പേര് വിവരവും, ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റേയും വിശദവിവരങ്ങൾ :

| ക്രമ നം. | പേര് | വാർഡ് നം. | ബുക്ക് നം. | രസീതി നം./തീയതി | ഗുണഭോക്തൃ വിഹിതം |
|---|---|---|---|---|---|
| 01 | മുത്തലക്ഷമി, W/o പ്രഭാകരൻ, കൊഴിഞ്ഞാംമ്പാറ. | 14 | 17032 | 15/20.01.'23 | 500/- |

14.08.2023 ലെ അന്വേഷണ നം.12 പ്രകാരം വിശദീകരണം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.ഗുണഭോക്താവിന് ഗ്രോ ബാഗ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം സബ്സിഡി ഇനത്തിൽ നൽകിയ 1500/- രൂപ ബന്ധപ്പെട്ട ട്രഷറിയിലെ ശീർഷകത്തിൽ തിരികെ അടവാക്കേണ്ടതാണ്.

2.ഗുണഭോക്താവിൽ നിന്നും ലഭ്യമാക്കിയ വിഹിതം തിരിച്ച് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരവും ലഭ്യമാക്കേണ്ടതാണ്.അല്ലാത്ത പക്ഷം ഗുണഭോക്താവിൽ നിന്നും ലഭ്യമാക്കിയ ഗുണഭോക്തൃ വിഹിതമായ 500/- രൂപ തിരികെ നല്കേണ്ടതുമാണ്.

തുടർ നടപടികളുടെ വിവരം സമയബന്ധിതമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-20 ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പറിൽ വ്യത്യാസം

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റിന്റെ വിവരങ്ങൾ :

| | |
|---|---|
| പ്രോജക്റ്റ് നം. | S0285/23 |
| പേര് | വാഴകൃഷി വികസനം |
| അടങ്കൽ | 4,00,000/- വികസന ഫണ്ട് (G) |
| ബിൽ നം./തീയതി | 16/22-23/15/02/23 |
| ചെലവ് | 3,99,999/- |

വാഴ കൃഷി വികസനത്തിനായി തെരഞ്ഞെടുത്ത 49 ഗുണഭോക്താക്കളിൽ താഴെ പറയുന്ന ഗുണഭോക്താവിന് സബ്സിഡി ലഭ്യമാക്കുവാനായി നൽകിയിട്ടുള്ള അക്കൗണ്ട് നമ്പറും , ട്രഷറിയിലൂടെ IFSC പ്രകാരം തുക കൈമാറിയ അക്കൗണ്ട് നമ്പറും തമ്മിൽ വ്യത്യാസം കാണുന്നു.വിശദവിവരങ്ങൾ :

| പേര് | അപേക്ഷ പ്രകാരമുള്ള അക്കൗണ്ട് നം. | ട്രഷറിയിലൂടേ തുക കൈമാറിയ അക്കൗണ്ട് നം. | തുക |
|---|---|---|---|
| സുന്ദരൻസ്വാമി.എൻ | 899200052 | 57050940588 | 4858/- |

പ്രസ്തുത ഗുണഭോക്താവിന് സബ്സിഡി നൽകിയ അക്കൗണ്ട് നമ്പറുകളിലെ വ്യത്യാസത്തിനുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കുവാൻ 14.08.'23 ലെ അന്വേഷണ നം.11 പ്രകാരം ആവശ്യപ്പെട്ടിരുന്നു. മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ഓഡിറ്റ് നിർദ്ദേശം

ഗുണഭോക്താവിന്റെ യഥാർത്ഥ അക്കൗണ്ട് നമ്പറിലേക്ക് തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അപാകതയ്ക്കുള്ള മറുപടി സഹിതം വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഭരണസമിതി ഈ വിഷയം പ്രത്യേകം പരിശോധിക്കേണ്ടതാണ്.

1-21 ഗുണനിലവാര സാക്ഷ്യപത്രം - ഹാജരാക്കേണ്ടതാണ്.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2022-23 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റിന്റെ വിശദവിവരങ്ങൾ :

| | |
|---|---|
| പ്രോജക്റ്റ് നം. | S0074/23 |
| പേര് | വയോജനങ്ങൾക്ക് കട്ടിൽ വിതരണം. |
| വികസന ഫണ്ട് (G) | 3,13,200/- (അടങ്കൽ) |
| ബിൽ നം./തീയതി | ചെലവ് |
| 10/22-23/17/12/22 | 2,51,140/- |
| 41/22-23/28/03/23 | 60,620/- |
| ആകെ | 3,11,760/- |

വയോജനങ്ങൾക്ക് കട്ടിൽ വിതരണം നടത്തുവാനായി മുൻഗണനാ ക്രമത്തിൽ ഗ്രാമ സഭയിൽ നിന്നും 72 ഗുണഭോക്താക്കൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. കട്ടിലുകൾ വാങ്ങുവാനായി സമർപ്പിക്കപ്പെട്ട ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക് സമർപ്പിച്ച പാലക്കാട്ടിലെ ARTCO Ltd.ന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്.ഇൻവോയ്സിന്റെ വിശദവിവരങ്ങൾ :

| ഇൻവോയ്സ് നം./തീയതി | സ്പെസിഫിക്കേഷൻ | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| PKD 142/17 /10/'22 | Cot 198x90 Cm<br>Front Leg 60 Cm<br>Back Leg 50 Cm<br>8 Mm Ply Wood Top | 58 | 3670 | 2,51,140/-<br>(CGST&SGSTഉൾപ്പെടെ) |
| PKD 228/24 /01/'23 | Cot 198x90 Cm<br>Front Leg 60 Cm<br>Back Leg 50 Cm<br>8 Mm Ply Wood Top | 14 | 3670 | 60,620/-<br>(CGST&SGSTഉൾപ്പെടെ) |
| | | | | 3,11,760/- |

പ്രസ്തുത സ്ഥാപനത്തിലേക്ക് തുക കൈമാറിയതിന്റെ വിവരങ്ങൾ :

| അക്കൗണ്ട് നം. | തുക |
|---|---|
| 37084134400 | 3,11,760/- |

72 വയോജനങ്ങൾക്ക് വിതരണം ചെയ്ത കട്ടിലുകൾക്കുള്ള ഗുണനിലവാര സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. (11.08.2023 ലെ അന്വേഷണ നം.3)

നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി

17/10/'22 ലെ ഇൻവോയ്സ് നം. PKD 142 പ്രകാരം കട്ടിലുകൾ വിതരണം ചെയ്ത സ്ഥാപനമായ ARTCO Ltd., എന്ന സ്ഥാപനം നൽകിയ ഗുണനിലവാര സാക്ഷ്യപത്രം മാത്രം ഓഡിറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.ആയതിന് പുറമെ മറ്റ് വിദഗ്ധരുടെ ഗുണ നിലവാര സാക്ഷ്യപത്രം ലഭ്യമാക്കുകയുണ്ടായില്ലായെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1)72 വയോജനങ്ങൾക്ക് വിതരണം ചെയ്ത കട്ടിലുകൾക്കുള്ള ഗുണനിലവാര സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2)ഭാവിയിൽ സാധന സാമഗ്രികൾ വാങ്ങുമ്പോൾ ഗുണനിലവാരം ഉറപ്പ് വരുത്തി ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ലൈഫ് മിഷൻ - രണ്ടാം ഘട്ടം.

ഭൂമിയുള്ള ഭവന രഹിതർക്കുള്ള രണ്ടാം ഘട്ടമാണ് നിലവിൽ പഞ്ചായത്തിൽ V.E.O I നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കി വരുന്നത്.

ഭവന നിർമ്മാണത്തിനായി 2022-23 സാമ്പത്തിക വർഷത്തിൽ V.E.O I അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റിന്റെ വിശദവിവരങ്ങൾ :

1)

| പ്രോജക്റ്റ് നം. (SO) | S0079/22-23 | ചെലവ് |
|---|---|---|
| പേര് | ലൈഫ് മിഷൻ ഭവന രഹിതർക്ക് | |

| | | |
|---|---|---|
| | ഭവന നിർമ്മാണ ധന സഹായം | |
| വികസന ഫണ്ട് (G) | 2,72,501/- | 2,40,000/- |
| സംസ്ഥാന ആവിഷ്കൃത ഫണ്ട് | 66,00,000/- | NIL |
| ബ്ലോക്ക് പഞ്ചായത്ത് | 15,49,074/- | NIL |
| ജില്ലാ പഞ്ചായത്ത് | 11,90,926/- | NIL |
| മറ്റുള്ളവ | 30,00,000/- | NIL |
| ആകെ അടങ്കൽ | 1,26,12,501/- | 2,40,00/- |

600ച. അടിയിലാണ് ഭവന നിർമ്മാണം നിർവ്വഹിച്ച് വരുന്നതെങ്കിലും ആയതിൽ അധികരിക്കുന്ന പക്ഷം അവസാന ഗഡു നല്കുന്നില്ല.ഭവന നിർമ്മാണത്തിനുള്ള ധന സഹായത്തിനായി 290 പേർ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.ആയതിൽ 280 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

നിർമ്മാണം പൂർത്തീകരിക്കാത്ത 8 പേരുടെ വിശദവിവരങ്ങൾ :

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ |
|---|---|
| 01 | മാധവി, ബോയത്തറ |
| 02 | ലക്ഷമി, പള്ളി സ്ട്രീറ്റ് |
| 03 | സാഹിദ, മോടംമ്പടി |
| 04 | സബീന, മോടംമ്പടി |
| 05 | മുതാംജ്, കരുവപ്പാറ |
| 06 | രുഗ്മണി, കരിമണ്ണ് |
| 07 | ആയിഷ, കരിമണ്ണ് |
| 08 | റെജിന, മുതല്ലെ നഗർ |

ഓഡിറ്റ് നിരീക്ഷണങ്ങളും , നിർദ്ദേശങ്ങളും

1)മോണിറ്ററിംഗ് നടത്തി, മീറ്റിംഗിന് വിളിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടും പ്രസ്തുത 8 പേരും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.ഇവർക്കെതിരെ റവന്യ റിക്കവറി നടപടികൾ സ്വീകരിച്ച് നൽകിയ തുകകൾ തിരികെ ഈടാക്കുവാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.

റവന്യ റിക്കവറി നടപടികളിലൂടെ നൽകിയ ഗഡുക്കൾ സമയബന്ധിതമായി ഈടാക്കി തുടർ നടപടികളുടെ വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ് .ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ച് കൊള്ളുന്നു .

2)2022-23 സാമ്പത്തിക വർഷത്തിൽ HUDCO, സംസ്ഥാന വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവ ലഭ്യമായിട്ടില്ല.

ഹഡ്കോയിൽ നിന്നുമുള്ള വായ്പയും, സംസ്ഥാന സർക്കാർ വിഹിതവും , ജില്ലാ പഞ്ചായത്ത് വിഹിതവും, പ്രവൃത്തിക്കനുസൃതമായി അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

3)ജിയോ ടാഗിംഗ് പ്രകാരം മോണിറ്ററിംഗ് നടത്തി വരുന്നില്ല.നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥല പരിശോധന നടത്തി ഭവന നിർമ്മാണ പുരോഗതി ഉറപ്പ് വരുത്തുന്നുണ്ട്.

ഭാവിയിൽ ജിയോ ടാഗ്ഗിംഗിലൂടെ മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടതാണ് .

4)ഭവന പദ്ധതിക്കായി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

19.02.2021 ലെ ജി.ഒ.(എം.എസ്) നം.54/2021/ തസ്വഭവ പ്രകാരം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് , പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയ ായ യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് കോ - ഇൻഷ്വറൻസ് വ്യവസ്ഥയിൽ നടത്തുന്നതാണ്.ആദ്യ 3 വർഷത്തേക്കുള്ള പ്രീമിയം 349 രൂപ ഒരുമിച്ച് സർക്കാർ ചെലവിൽ അടയ്ക്കുന്നതാണ്.ഇൻഷ്വർ ചെയ്യപ്പെടുന്ന ഒരോ വീടിനും 4 ലക്ഷം രൂപ വരെ പരിരക്ഷ ലഭിക്കുന്നതാണ്. GST ഉൾപ്പെടെ വാർഷിക പ്രീമിയമായി 127 രൂപ അടച്ചാൽ മതിയാകും എന്ന് 19.02.21 ലെ ഉത്തരവ് നിഷ്കർഷിക്കുന്നു .

നിർദ്ദേശങ്ങൾ പാലിച്ച് തുടർ നടപടികളുടെ വിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-22-1 ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ)

2022-23 സാമ്പത്തിക വർഷത്തിൽ V.E.O l അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റിന്റെ വിവരങ്ങൾ :

| | | |
|---|---|---|
| പ്രോജക്റ്റ് നം. | SO172/23 | ചെലവ് |
| പേര് | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | |
| വികസന ഫണ്ട്(G) | 33,00,910/- | 80,000/- |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 66,00,000/- | NIL |
| മറ്റ് ബ്ലോക്ക് പഞ്ചായത്ത് | 25,00,000/- | 3,40,000/- |
| മറ്റ് ജില്ലാ പഞ്ചായത്ത് | 30,00,000/- | NIL |
| മറ്റുള്ളവ | 30,00,000/- | NIL |
| ആകെ അടങ്കൽ | 1,84,00,910/- | 4,20,000/- |

പ്രസ്തുത പ്രോജക്റ്റ് പ്രകാരം പൊതു വിഭാഗത്തിൽ ഉൾപ്പെട്ട 9 ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.ഇവർക്ക് വിവിധ ഗഡുക്കളായി ആകെ 4,20,000/- രൂപ നല്കിയിട്ടുണ്ട്.ഭവന നിർമ്മാണം പുരോഗമിച്ച് വരുന്നുണ്ട്.

ആയത് അനുസരിച്ച് തുകകൾ ഗഡുക്കളായി നൽകി വരുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുമുണ്ട്.

തുടർ നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-22-2 ലൈഫ് മിഷൻ. (SCP)

2022-23 സാമ്പത്തിക വർഷത്തിൽ പട്ടിക ജാതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് V.E.O l അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റിന്റെ വിവരങ്ങൾ :

| | | |
|---|---|---|
| പ്രോജക്റ്റ് നം. (SO) | SO95/22-23 | ചെലവ് |
| പേര് | ലൈഫ് മിഷൻ ഭവന പദ്ധതി (SCP) | |
| വികസന ഫണ്ട് (SCP) | 25,50,306 | 22,20,000 |
| ബ്ലോക്ക് | 5,00,000 | 3,60,000 |

| | | |
|---|---|---|
| പഞ്ചായത്ത് | | |
| ജില്ലാ പഞ്ചായത്ത് | 5,00,000 | NIL |
| ആകെ അടങ്കൽ | 35,50,306 | 25,80,000 |

| കരാറിൽ ഏർപ്പെട്ടവർ | ഭവന നിർമ്മാണം പൂർത്തീകരിച്ചവർ | പണി പൂർത്തിയാക്കാത്തവർ |
|---|---|---|
| 07 | 06 | 01 (പണി പൂർത്തീകരിക്കും.) |

ഭവന നിർമ്മാണ പൂർത്തീകരണ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22-3 ലൈഫ് മിഷൻ. (TSP)

2022-23 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ-I പട്ടികവർഗ്ഗത്തിനുള്ള ലൈഫ് ഭവന പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റിന്റെ വിശദവിവരങ്ങൾ :

| പ്രോജക്റ്റ് നം. (SO) | SO80/22-23 | ചെലവ് |
|---|---|---|
| പേര് | ലൈഫ് മിഷൻ ഭവന പദ്ധതി (പട്ടിക വർഗ്ഗം) | |
| വികസന ഫണ്ട് (TSP) | 2,12,000/- | 2,12,000/- |
| ബ്ലോക്ക് പഞ്ചായത്ത് | 1,00,000/- | NIL |
| ജില്ലാ പഞ്ചായത്ത് | 3,66,000/- | NIL |
| ആകെ അടങ്കൽ | 6,78,000/- | 2,12,000/- |

| കരാറിൽ ഏർപ്പെട്ടവർ | ഭവന നിർമ്മാണം പൂർത്തീകരിച്ചവർ | പണി പൂർത്തിയാക്കാത്തവർ |
|---|---|---|
| 02 | 01 | 01(പണി പൂർത്തീകരിക്കും.) |

ഗുണഭോക്താവ് പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-23 അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം

കൊഴിഞ്ഞാമ്പാറ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ ആകെ 28 അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നുണ്ട്.ഇവയിൽ 22 വർക്കറും, 18 ഹെൽപ്പർമാരും സേവനമനുഷ്ഠിച്ച് വരുന്നുണ്ട്.

ആകെയുള്ള 28 അങ്കണവാടികളിൽ 25 കെട്ടിടങ്ങൾക്ക് 30.04.2022 ലെ LSGD അസിസ്റ്റന്റ് എഞ്ചിനീയറുടെ കത്ത് പ്രകാരവും, 3 അങ്കണിവാടി കെട്ടിടങ്ങൾക്ക് 28.04.2022 ലെ LSGD A.E യുടെ കത്ത് മുഖേനയും ഫിറ്റനസ്സ് സർട്ടിഫിക്കറ്റുകൾ ലഭ്യമായിട്ടുണ്ട്.

28 അങ്കണവാടികൾക്കുമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വിശദവിവരങ്ങൾ :

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 04 |
| 2 | ഗ്യാസ് കണക്ഷൻ | എല്ലാ സെന്ററുകളിലും കണക്ഷൻ ലഭ്യമായിട്ടുണ്ട്. |
| 3 | വൈദ്യുതി കണക്ഷൻ | എല്ലാ സെന്ററുകളിലും ഉണ്ട്. |
| 4 | ഫാൻ | എല്ലാ സെന്ററുകളിലും ഉണ്ട്. |
| 5 | ബേബി ഫ്രണ്ടലി ടോയ്ലറ്റ് സൗകര്യം ഉള്ള സെന്ററുകൾ | 01 ( ബാക്കി 27 നം ഇല്ല.) |
| 6 | ചുറ്റ് മതിൽ ഇല്ലാത്തവ | 7 സെന്ററുകളിൽ ഇല്ല. |
| 7 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | 01 സെന്ററിൽ മാത്രമേ കമ്പ്യൂട്ടറുള്ളൂ. |
| 8 | ധാന്യ സംഭരണികൾ | 01 സെന്ററിൽ ഇല്ല. |

ഓഡിറ്റ് നിർദ്ദേശങ്ങൾ

സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ തീയതി 22/3/11 പ്രകാരം അങ്കണവാടികളുടെ അറ്റകുറ്റപണികൾ നടത്തുവാനും, സുരക്ഷിതത്വ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും പഞ്ചായത്ത് താഴെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്:

1.പഞ്ചായത്തിന്റെ അധീനതയിലുള്ള അങ്കണവാടികളുടെ വാർഷിക അറ്റകുറ്റപണികൾ എല്ലാ വർഷവും ഏപ്രിൽ, മെയ് മാസങ്ങളിലായി പൂർത്തിയാക്കേണ്ടതാണ്.

2.വൈറ്റ് വാഷിംഗ്, പെയിന്റിംഗ്, ചുറ്റമതിൽ എന്നിവയുടെ കേടുപാടുകൾ തീർത്ത് പെയിന്റിംഗ് നടത്തി ആവശ്യമായ സന്ദേശങ്ങൾ എഴുതേണ്ടതാണ്.

3.ബേബി ഫ്രൻണ്ടലി ടോയലറ്റ് ഇല്ലാത്ത അങ്കണവാടികൾക്ക് പ്രസ്തുത സൗകര്യം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ICDS സൂപ്പർവൈസർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തിലെ അങ്കണവാടികളുടെ അവസ്ഥാവിശകലനം നടത്തേണ്ടതാണ്.

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-24 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ മുഴുവനായി ലഭ്യമായിട്ടില്ല

പ്രോജക്റ്റ്- നം.22/23, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ (ഹോമിയോ)

അടങ്കൽ - ₹300000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ചെലവ് - ₹300000

ബിൽ നമ്പർ- 3/09-01-23

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് നം. PF-1054/20-12-22 ന്റെ അടിസ്ഥാനത്തിൽ 300000 രൂപ മുൻകൂറായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് (ഹോംകോ)

നൽകിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ ഇൻവോയ്സ് നം.LF-786/31-07-23 പ്രകാരം 128684 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. ബാക്കി 171316 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 14/14-08-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല.

ശേഷിക്കുന്ന 171316 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതുമാണ്.

1-25 പാലിയേറ്റീവ് കെയർ- മുൻകൂർ നൽകിയ തുകയ്ക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായില്ല

പ്രോജക്ട് - 19/23, പെയിൻ പാലിയേറ്റീവ് കെയർ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ പി.എച്ച്.സി

അടങ്കൽ - 700000 ( 500000- വികസന ഫണ്ട് ജനറൽ, 200000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ്- 699970 ( 500000- വികസന ഫണ്ട് ജനറൽ, 199970 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ബിൽ നം.- 2/30-06-22 - ₹73205

3/29-07-22 - ₹35134

4/16-08-22 - ₹34974

5/28-09-22 - ₹35294

6/27-10-22 - ₹35054

7/27-10-22 - ₹197820

8/26-11-22 - ₹34894

9/21-12-22 - ₹34814

10/06-02-23 - ₹77013

11/18-03-23 - ₹12146

12/18-03-23 - ₹26723

13/28-03-23 - ₹102899

പെയിൻ പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ ഭാഗമായി മരുന്നുകൾ വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സ് നം. PRF1196 / 20-08-22 ന്റെ അടിസ്ഥാനത്തിൽ 197820 രൂപ മുൻകൂറായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട് . രേഖകൾ പരിശോധിച്ചതിൽ 21874 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു.

ഇൻവോയ്സ് നം. 10874/ 27-06-23 – ₹16836

ഇൻവോയ്സ് നം. 12357/ 11-07-23 – ₹5038

ആകെ -₹ 21874

ബാക്കി 175946 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. ബാക്കിയുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റ് അന്വേഷണം നമ്പർ 20/16-08-23 മുഖേന ആവശ്യപ്പെട്ടതിന്

മറുപടി ലഭിച്ചില്ല.

ബാക്കിയുള്ള തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-26 കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകൽ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകുന്നതിനായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രോജക്ടുകളുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-26-1 പട്ടികജാതി കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്

പ്രോജക്ട് - 161/23 – പട്ടികജാതി കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 360000 രൂപ ( 345000-വികസനഫണ്ട് SCP , 15000- തനത് ഫണ്ട് )

ചെലവ് - 272800 രൂപ (വികസനഫണ്ട് SCP)

ബിൽ നം. 12/ 29-03-23 – 272800രൂപ

എസ്.സി. വിദ്യാർത്ഥികൾക്ക് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി ലാപ്ടോപ് വാങ്ങി നല്കുന്നതിനായിട്ടാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. 8 ഗുണഭോക്താക്കൾക്കായി GeM മുഖേനയാണ് ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്.

സ.ഉ (കൈ)നം.115/2022/തസ്വഭവ തിയതി 28/05/2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖ.7.2.7പ്രകാരം ബിരുദം,ബിരുദാനന്തര ബിരുദം, പോളിടെക്നിക് (ഡിപ്ലോമ), എഞ്ചിനീയറിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സ്, മെഡിക്കൽ ,കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി,പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നല്കാവുന്നതാണ്. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. ലാപ്ടോപ് പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. എന്നാൽ പ്രോജക്ട് പ്രകാരം ലാപ്ടോപ്പുകൾ അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ അർഹതാ രേഖകൾ പരിശോധിച്ചതിൽ മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടില്ല എന്ന് കണ്ടെത്തി.

1. ലാപ്ടോപ് അനുവദിച്ചിട്ടുള്ള 8 ഗുണഭോക്താക്കൾക്കും പട്ടികജാതി വികസന വകുപ്പിൽ നിന്നും ലാപ്ടോപ് നൽകിയിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

2. പാരലൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ നൽകിയിട്ടുണ്ട്.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | പഠിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ജിഷ്ണു.ജെ | ബി.എ ഹിസ്റ്ററി | ദി പാലക്കാട് കോ ഓപ്പറേറ്റീവ് ആർട്സ് & സയൻസ് |

| | | | |
|---|---|---|---|
| | | | കോളേജ് Ltd., ഒലവക്കോട്, പാലക്കാട് |
| 2 | ആതിര.ബി | ബി.എ എക്കണോമിക്സ് | ഗുരുകുലം ആർട്സ് & സയൻസ് കോളേജ്, പാലക്കാട് |

മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ സർവ്വകലാശാലാ അഫിലിയേഷൻ സംബന്ധിച്ച രേഖകളോ വിദ്യാർത്ഥികളുടെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകളോ ഫയലിൽ ലഭ്യമല്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.4/11-08-23 ന് മറുപടി ലഭ്യമായില്ല.

നിർദ്ദേശങ്ങൾ

സബ്സിഡി മാർഗ്ഗരേഖയ്ക്കനുസൃതമായി മാത്രം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും അർഹതാ മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തി മാത്രം ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-26-2 എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്

പ്രോജക്ട്- 159/23, എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് (സ്പിൽ ഓവർ)

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 120000 രൂപ ( വികസനഫണ്ട് TSP)

ചെലവ് - 104214 രൂപ

ബിൽ നം. 2/06-09-22

മേൽ പറഞ്ഞ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം 3 ഗുണഭോക്താക്കൾക്കാണ് ലാപ്ടോപ് വാങ്ങി നൽകിയിട്ടുള്ളത്. GeM മുഖേനയാണ് ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്.

1. പാരലൽ സ്ഥാപനങ്ങളിൽ പഠിക്കുന്ന താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ നൽകിയിട്ടുണ്ട്.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | പഠിക്കുന്ന സ്ഥാപനം |
|---|---|---|
| ഷൺമുഖപ്രിയ.കെ | ബി.എ എക്കണോമിക്സ് | ഗുരുകുലം കോളേജ് & സയൻസ് സെന്റർ, ചിറ്റൂർ |

സ.ഉ(കൈ)നം.22/18/തസ്വഭവ, തീയതി 14.2.2018 സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.2.9 പ്രകാരം പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിനുശേഷം മാത്രമാണ് ആനുകൂല്യങ്ങൾ നൽകാവുന്നത്. മേൽ പറഞ്ഞ ഗുണഭോക്താവിന്റെ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല.

2. ലാപ്ടോപ് അനുവദിച്ചിട്ടുള്ള കീർത്തന. എൻ, D/o നാച്ചിമുത്തു എന്ന ഗുണഭോക്താവിന് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലാപ്ടോപ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/11-08-23) മറുപടി

ലഭ്യമായില്ല.
പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1-27 എം.സി.എഫി ലെ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ- തുക അനുവദിച്ചതിൽ അപാകം

പ്രോജക്ട്- നം. 178/23, എം.സി.എഫി ലെ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.സെക്രട്ടറി

അടങ്കൽ - 475000 ( 275000- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 200000- തനത് ഫണ്ട്)

ചെലവ് - 466770 ( 275000- ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 191770- തനത് ഫണ്ട്)

ബിൽ നമ്പർ/ വൗച്ചർ നം. - 22200687/28-12-22 – 144107 (CFC)

- 22200809/14-02-23 – 77107(CFC)

- 22200907/09-03-23 – 53786 (CFC)

ചെക്ക് നം. 781686/14-03-23 – 110432 (തനത് ഫണ്ട്)

ചെക്ക് നം. 735632/30-09-22 – 81338 (തനത് ഫണ്ട്)

എം.സി.എഫിൽ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങളിൽ റീസൈക്ലിംഗ് ചെയ്യാൻ കഴിയാത്ത മാലിന്യങ്ങൾ കൈയൊഴിക്കുന്നതിനാണ് പ്രോജക്ടിൽ ലക്ഷ്യമിട്ടത്. ക്വട്ടേഷൻ മുഖേനയാണ് മാലിന്യം ശേഖരിക്കുന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത Trash Gold Eco Solution, പള്ളത്തേരി, എലപ്പുള്ളി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ ആണ് അംഗീകരിച്ചിട്ടുള്ളത്. 11-04-22 ന് പ്രസ്തുത സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പുനരുപയോഗിക്കാൻ കഴിയാത്ത ചെരുപ്പ്, ബാഗ്, തുണി, മൾട്ടി പ്ലാസ്റ്റിക്, തെർമോക്കോൾ തുടങ്ങിയ മാലിന്യങ്ങൾ കിലോഗ്രാമിന് 6.90 രൂപ + GST എന്ന നിരക്കിൽ സ്ഥാപനത്തിന് നല്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പുനരുപയോഗം സാധ്യമായ പാഴ്‌വസ്തുക്കൾ സ്ഥാപനത്തിന് നൽകുമ്പോൾ ക്വട്ടേഷനിൽ അംഗീകരിച്ച നിരക്കുകൾ പ്രകാരമുള്ള തുക സ്ഥാപനം ഹരിത കർമ്മസേനയുടെ അക്കൗണ്ടിലേക്ക് നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ Rejected Waste കൈയൊഴിക്കുന്നതിന് ആകെ 466770 രൂപ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

സ്ഥാപനത്തിന്റെ ഇൻവോയ്സുകൾ പരിശോധിച്ചതിൽ ഇൻവോയ്സ് നം. 235/21-02-23 പ്രകാരം 84627 രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

Rejected Waste – 8670 Kg X 6.90 – 59823 രൂപ

Tube Light സാമഗ്രികൾ- 689 Kg X 36 – 24804 രൂപ

ആകെ - 84627 രൂപ

ഉപയോഗ ശൂന്യമായ ട്യൂബ് ലൈറ്റ് സാമഗ്രികൾ നീക്കം ചെയ്തിരിക്കുന്നത് കിലോഗ്രാമിന് 36 രൂപ നിരക്കിലാണ്. സ്ഥാപനം സമർപ്പിച്ച ക്വട്ടേഷനിൽ ഇത്തരത്തിൽ ഒരു ഇനവും നിരക്കും ക്വോട്ട് ചെയ്തിട്ടില്ല. ആയതിനാൽ എപ്രകാരമാണ് നിരക്ക് നിശ്ചയിച്ച് സ്ഥാപനത്തിന് തുക നൽകിയതെന്ന് വ്യക്തമല്ല. ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.23/16-08-23) മറുപടി ലഭിച്ചില്ല.
ഈ വിഷയത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-28 പഠനമുറി നിർമ്മാണം- പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ്- 168/23, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

അടങ്കൽ - ₹800000 ( വികസന ഫണ്ട് SCP)

ചെലവ് - ₹450000

ബിൽ നം. - 4/13-10-22 - ₹100000

6/14-12-22- ₹75000

7/29-12-22- ₹75000

8/14-03-23- ₹150000

9/14-03-23 - ₹50000

4 ഗുണഭോക്താക്കൾക്ക് വീടിനോടു ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിന് 200000 രൂപ വീതം ധനസഹായം നൽകുന്നതിനായാണ് പ്രോജക്റ്റ് ആവിഷ്കരിച്ചത്. 3 ഗുണഭോക്താക്കളാണ് തൻവർഷം തുക കൈപ്പറ്റിയിട്ടുള്ളത്. അവരിൽ 2 ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്. രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. സിന്ധ്യ സുര D/o സുര, പെരുമ്പാറച്ചുള്ള എന്ന ഗുണഭോക്താവ് ആദ്യ ഗഡു 50000 രൂപ കൈപ്പറ്റിയിട്ടുണ്ട്. പഠനമുറി നിർമ്മാണം പൂർത്തിയാക്കി ബാക്കി തുക നാളിതുവരെ കൈപ്പറ്റിയിട്ടില്ല.

2. വീണാവാണി D/o വിനോദ്, കരുവപ്പാറ എന്ന ഗുണഭോക്താവിന് മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ടെങ്കിലും നിർമ്മാണം പൂർത്തീകരിച്ചതിന്റെ വാലുവേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല.

3. ഗുണഭോക്താക്കളിൽ നിന്നും 200 രൂപയുടെ മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ല.

ഈ വിഷയങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.6/11-8-2023) മറുപടി ലഭ്യമായില്ല.

മേൽ പറഞ്ഞ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. സിന്ധ്യ സുര എന്ന ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-29 സ്മാർട്ട് ഗാർബേജ് പദ്ധതി - പ്രവർത്തന പുരോഗതി അറിയിക്കേണ്ടതാണ്

ഹരിതകേരളം മിഷനുവേണ്ടി കെൽട്രോൺ വികസിപ്പിച്ചെടുത്തിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംങ് സിസ്റ്റം സോഫ്റ്റ്‌വെയർ മുഖേന മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതിയുടെ ഭാഗമായി സ.ഉ (ആർ.ടി)നം. 2307/2021/LSGD തി.18-11-2021 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രോജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്റ്റ്- നം. 298/23, സ്മാർട്ട് ഗാർബേജ് പദ്ധതി

നിർവഹണ ഉദ്യോഗസ്ഥൻ- അസി.സെക്രട്ടറി

അടങ്കൽ- ₹250000 (സി.എഫ്.സി ടൈഡ്)

ചെലവ്- ₹154900

വൗച്ചർ നം. 808/14-02-23 - ₹154900

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന്

സർവ്വീസ് ചാർജ് നൽകുന്നതിനുമായി ഫണ്ട് വകയിരുത്തുന്നതിനാണ് മേൽ പരാമർശിച്ച ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഉത്തരവ് പ്രകാരം സർവ്വീസ് ചാർജ്- 135700രൂപ, എസ്.എം.എസ് ചാർജ്- 7200 രൂപ, ക്യൂ.ആർ കോഡ്- 12000 രൂപ, ലാപ്ടോപ്- 50000 രൂപ എന്നിങ്ങനെ ചെലവഴിക്കാവുന്നതാണ്. സർവ്വീസ് ചാർജ്, ക്യൂ.ആർ കോഡ് തുക, എസ്.എം.എസ് ചാർജ് എന്നീ ഇനങ്ങൾക്കായി 154900 രൂപയാണ് കെൽട്രോണിന് നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് .

